**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1724** **08-02-2023 - ൽ മറുപടിയ്ക്ക്**

**കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് ആന്റ് വേഡ് പ്രോസസ്സിംഗ് പരീക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2022-ൽ കെ.ജി.റ്റി.ഇ.(കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് ആന്റ് വേഡ് പ്രോസസ്സിംഗിന്റെ എത്ര പരീക്ഷകളാണ് നടന്നതെന്നും പ്രസ്തുത വർഷം രണ്ട് പരീക്ഷകൾ നടത്താതിരുന്നതിന് തടസ്സം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ; | (എ) | 2022 ജൂൺ മാസത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ അംഗീകരിച്ച പരീക്ഷാവിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ കെ.ജി.റ്റി.ഇ പരീക്ഷ നടത്തിയിരുന്നു. തുടർന്ന് കെ.ജി.റ്റി.ഇ (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് ആൻഡ് വേഡ് പ്രോസസ്സിംഗിന്റെ സിലബസ്സ് പരിഷ്ക്കരിച്ചുകൊണ്ട് 20.08.2022 ലെ സ.ഉ.(കൈ)നം. 403/2022/ഉ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പുതിയ സിലബസ്സ് പ്രകാരം പരീക്ഷ നടത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരീക്ഷാഭവൻ സെക്രട്ടറി സർക്കാരിനെ അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 19.01.2023 - ലെ നം.ജെ1/262/2022/ഉ.വി.വ സർക്കാർ കത്ത് പ്രകാരം ഇനി വരുന്ന കെ.ജി.ടി.ഇ പരീക്ഷ പഴയ സിലബസ് പ്രകാരം നടത്തുന്നതിനും അതിനു ശേഷം പുതിയ സിലബസ് അനുസരിച്ച് പരീക്ഷ നടത്തുന്നതിനും പരീക്ഷാഭവൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.<br><br>ആയതിന്റെ അടിസ്ഥാനത്തിൽ പരീക്ഷ നടത്തുന്നതിനുള്ള നടപടികൾ പരീക്ഷാഭവൻ സെക്രട്ടറി സ്വീകരിച്ചു വരുന്നു. |
| (ബി) | എല്ലാ വർഷവും കെ.ജി.റ്റി.ഇ.(കോമേഴ്സ്) രണ്ട് പരീക്ഷകൾ നടത്തണമെന്ന് നിർദേശം ഉണ്ടായിരുന്നിട്ടും ആയത് പാലിക്കപ്പെടാത്തതിലുള്ള വീഴ്ച പരിശോധിച്ച് 2023-ൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | 2022 ജൂൺ മാസത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ അംഗീകരിച്ച പരീക്ഷാവിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ കെ.ജി.റ്റി.ഇ പരീക്ഷ നടത്തിയിരുന്നു. തുടർന്ന് കെ.ജി.റ്റി.ഇ (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് ആൻഡ് വേഡ് പ്രോസസ്സിംഗിന്റെ സിലബസ്സ് പരിഷ്ക്കരിച്ചുകൊണ്ട് 20.08.2022 ലെ സ.ഉ.(കൈ)നം. 403/2022/ഉ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പുതിയ സിലബസ്സ് പ്രകാരം പരീക്ഷ നടത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരീക്ഷാഭവൻ സെക്രട്ടറി സർക്കാരിനെ അറിയിച്ചിരുന്നു. ആയതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ 19.01.2023 - ലെ നം.ജെ1/262/2022/ഉ.വി.വ സർക്കാർ കത്ത് പ്രകാരം ഇനി വരുന്ന കെ.ജി.ടി.ഇ പരീക്ഷ പഴയ സിലബസ് പ്രകാരം നടത്തുന്നതിനും അതിനു ശേഷം പുതിയ സിലബസ് അനുസരിച്ച് പരീക്ഷ നടത്തുന്നതിനും പരീക്ഷാഭവൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.<br><br>ആയതിന്റെ അടിസ്ഥാനത്തിൽ പരീക്ഷ നടത്തുന്നതിനുള്ള നടപടികൾ പരീക്ഷാഭവൻ സെക്രട്ടറി സ്വീകരിച്ചു വരുന്നു. |
| (സി) | 2022 ഡിസംബറിലെ കെ.ജി.റ്റി.ഇ.(കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് ആന്റ് വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ വിജ്ഞാപനം എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | 19.01.2023 ലെ നം.ജെ1/262/2022/ഉ.വി.വ, പ്രകാരമുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഴയ സിലബസ്സ് പ്രകാരം കെ.ജി.റ്റി.ഇ പരീക്ഷ നടത്തുന്നതിനും, പരീക്ഷാതീയതി നിശ്ചയിക്കുന്നതിനും പരീക്ഷാവിജ്ഞാപനം നടത്തുന്നതിനുമുള്ള നടപടികൾ പരീക്ഷാഭവൻ സെക്രട്ടറി സ്വീകരിച്ചു വരുന്നു. |
| (ഡി) | സമയബന്ധിതമായി പ്രസ്തുത പരീക്ഷ വിജ്ഞാപനം പ്രസിദ്ധീകരിക്കാത്തത് കാരണം വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള ആശങ്കയും ബുദ്ധിമുട്ടും പരിഹരിക്കുന്നതിന് അടുത്ത പരീക്ഷ വിജ്ഞാപനം എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിന് പരീക്ഷ കമ്മീഷണർക്ക് നിർദേശം നൽകുമോ; ഇതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (ഡി) | 19.01.2023 ലെ നം.ജെ1/262/2022/ഉ.വി.വ, പ്രകാരമുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഴയ സിലബസ്സ് പ്രകാരം കെ.ജി.റ്റി.ഇ പരീക്ഷ നടത്തുന്നതിനും, പരീക്ഷാതീയതി നിശ്ചയിക്കുന്നതിനും പരീക്ഷാവിജ്ഞാപനം നടത്തുന്നതിനുമുള്ള നടപടികൾ പരീക്ഷാഭവൻ സെക്രട്ടറി സ്വീകരിച്ചു വരുന്നു. |
| (ഇ) | കെ.ജി.റ്റി.ഇ.(കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് ആന്റ് കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയിൽ പാർട്ട് എഴുതി പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റിന് വേണ്ടി വീണ്ടും അപേക്ഷിക്കേണ്ടി വരുന്ന സാഹചര്യം ഉണ്ടാകുന്നത് എന്തുകൊണ്ടാണ്; ഈ സർട്ടിഫിക്കറ്റിനായി വീണ്ടും അപേക്ഷിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | പാർട്ട് വിഷയങ്ങൾ എഴുതുന്നതിന് ഓൺലൈനായി പരീക്ഷാ രജിസ്ട്രേഷൻ നടത്തുമ്പോൾ അപേക്ഷകർ മുൻപ് പരീക്ഷ പാസ്സായതിന്റെ പൂർണ്ണ വിവരങ്ങൾ കൃത്യമായി ഉൾകൊള്ളിച്ചെങ്കിൽ മാത്രമേ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുവാൻ സാധിക്കുകയുള്ളൂ. ഇപ്രകാരം പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളിക്കാത്തതുകൊണ്ടാണ് സർട്ടിഫിക്കറ്റിനുവേണ്ടി വീണ്ടും അപേക്ഷ സമർപ്പിക്കേണ്ട സാഹചര്യം സംജാതമാകുന്നത്. എന്നാൽ പൂർണ്ണമായി വിവരങ്ങൾ കൃത്യമായി നൽകുന്ന പരീക്ഷാർത്ഥികൾക്ക് യാതൊരു തടസ്സവുമില്ലാതെ സർട്ടിഫിക്കറ്റ് വിതരണം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ